# ആരോഗ്യ കേരളം

MAY 2023

follow us on /arogyakeralam https://arogyakeralam.gov.in




ആർദ്രകേരളം പുരസ്കാര വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

## ആർദ്രകേരളം പുരസ്കാര വിതരണം മുഖ്യമന്ത്രി നിർവ്വഹിച്ചു

50 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി യാഥാർത്ഥ്യത്തിലേക്ക്



**തിരുവനന്തപുരം**: ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്രകേരളം പുരസ്കാരം 2021-22 വിതരണവും 50 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അദ്ധ്യക്ഷയായി. മന്ത്രിമാരായ വി. ശിവൻകുട്ടി, ആന്റണി രാജു, ജി.ആർ. അനിൽ എന്നിവർ പങ്കെടുത്തു. ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അംഗീകാരമായാണ് ആർദ്രകേരളം പുരസ്കാരം സമ്മാനിക്കുന്നത്.

സംസ്ഥാനത്തെ 50 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. തിരുവനന്തപുരം 7, കൊല്ലം 2, പത്തനംതിട്ട 4, ആലപ്പുഴ 2, കോട്ടയം 1, ഇടുക്കി 1, എറണാകുളം 3, തൃശൂർ 3, പാലക്കാട് 7, മലപ്പുറം 8, കോഴിക്കോട് 3, കണ്ണൂർ 1, കാസർഗോഡ് 8 എന്നിങ്ങനെയാണ് പുതുതായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയത്. ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തിയാണ് അവയെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്നത്. സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നത്. പുതുതായി 50 എണ്ണം കൂടി ഉദ്ഘാടനം ചെയ്യുന്നതോടെ ആകെ 630 കുടുംബാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമായെന്നും മന്ത്രി വ്യക്തമാക്കി.

ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്.

ഇതോടൊപ്പം തന്നെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രീ-ചെക്കപ്പ്, പോസ്റ്റ് ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, ശ്വാസകോശ രോഗ നിർണയത്തിനു വേണ്ടി ശ്വാസ് ക്ലിനിക്ക്, വിഷാദ രോഗ നിർണയത്തിനു വേണ്ടി ആശ്വാസം ക്ലിനിക്ക്, മറ്റ് മാനസിക രോഗങ്ങളുടെ നിർണയത്തിനും ചികിത്സയ്ക്കുമായി സമ്പൂർണ മാനസികാരോഗ്യം, കിടപ്പ് രോഗികൾക്ക് വേണ്ടി സാന്ത്വന പരിചരണം, ടെലി മെഡിസിൻ സംവിധാനം എന്നിവ ഉറപ്പു വരുത്തുന്നു.

## വയനാട് മെഡിക്കൽ കോളേജ് വികസന മാസ്റ്റർ പ്ലാൻ പരിഗണിക്കും: മുഖ്യമന്ത്രി



മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച കാത്ത് ലാബിന്റെയും മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടത്തിന്റെയും ശിലാസ്ഥാപന കർമ്മം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു. ആരോഗ്യമന്ത്രി വീണാ ജോർജ്ജ് സമീപം.

**മാനന്തവാടി**: വയനാട് മെഡിക്കൽ കോളേജ് വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച കാത്ത് ലാബിന്റെയും മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. വയനാടിന്റെ സമഗ്ര മുന്നേറ്റം ലക്ഷ്യമാക്കിയുള്ള നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. ആദിവാസി വിഭാഗങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക ആരോഗ്യ പദ്ധതികളും നടപ്പിലാക്കി വരുകയാണ്. ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പോഷകാഹാരക്കുറവ്, വിളർച്ച, അരിവാൾ രോഗം എന്നിവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സയും സഹായങ്ങളും നൽകാനുള്ള പദ്ധതികൾ ജില്ലയിൽ നടക്കുന്നുണ്ട്. പ്രസവ ചികിത്സാ സംവിധാനം, ഊരുമിത്രം പദ്ധതി, അരിവാൾ രോഗികൾക്കായുള്ള സമാശ്വാസ പദ്ധതി, ക്ഷയരോഗ നിർണ്ണയ പദ്ധതികൾ, ആന്റി റാബിസ് ക്ലിനിക് തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വയനാടിന്റെയും സമീപ ജില്ലകളുടെയും ആരോഗ്യ മുന്നേറ്റത്തിൽ ഏറെ സംഭാവനകൾ നൽകാൻ പര്യാപ്തമായ സംവിധാനമാണ് മെഡിക്കൽ കോളേജിൽ ഒരുക്കിയിരിക്കുത്.

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങൾ നടത്തപ്പെടുന്ന ഘട്ടത്തിലാണ് വയനാട് മെഡിക്കൽ കോളേജിലെ പുതിയ സംവിധാനങ്ങളുടെ ഉദ്ഘാടനം നടക്കുന്നത്. കേരളത്തിലാകെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുമ്പോൾ ഓരോ ജില്ലയുടെയും പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഇടപെടലുകൾ കൂടി നടത്തുന്നു. നൂറുദിന കർമ്മപരിപാടിയിൽ 15896 കോടി രൂപയുടെ 1284 പദ്ധതികളാണ് നടപ്പാക്കിയത്. വയനാട് ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് ഹൈടെക് സ്കിൽ ലാബും ഏറെ ഗുണകരമാകും. 70 ലക്ഷം രൂപ ചിലവിൽ 2,850 ചതുരശ്ര അടിയിലാണ് ഈ ഹൈടെക് സ്കിൽ ലാബ് ഒരുക്കിയിരിക്കുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കോഴിക്കോട്-വയനാട് മെഡിക്കൽ കോളേജുകളെ പരസ്പരം ബന്ധിപ്പിച്ച് പീഡിയാട്രിക് ഐ.സി.യു സംവിധാനം ഒരുക്കുമെന്ന് ആരോഗ്യമന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ വയനാടും അട്ടപ്പാടിയുമാണ് ഇതിനായി തെരഞ്ഞെടുത്തത്. ആധുനിക ആരോഗ്യ ചികിത്സാ രംഗത്ത് ജില്ലയെ സ്വയം പര്യാപ്തമാക്കാനായി എല്ലാ ചികിത്സാ സംവിധാനവും ലഭ്യമാക്കും. രണ്ടുവർഷത്തിനുള്ളിൽ 16 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വയനാട് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയത്. 115 അധ്യാപക ഡോക്ടർ തസ്തികകളും 25 അനധ്യാപക തസ്തികകളും ഇക്കാലയളവിൽ സൃഷ്ടിച്ചു. പീഡിയാട്രിക് ഐ.സി.യു, അത്യാധുനിക കേൾവി പരിശോധനാ സൗകര്യം എന്നിവ ഇവിടെ ഒരുക്കിയിട്ടുണ്ട്. സിക്കിൾ സെൽ അനീമിയ സ്ക്രീനിങ്ങ് ക്യാമ്പുകൾ ആരംഭിക്കാനും കഴിഞ്ഞുവെന്ന് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു.

### വയനാടിനു പ്രതീക്ഷയായി മെഡിക്കൽ കോളേജ്


മാനന്തവാടി: ജില്ലയുടെ സമഗ്ര ആരോഗ്യ വികസനം ലക്ഷ്യമാക്കി വയനാട് മെഡിക്കൽ കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കാത്ത് ലാബ്, മൾട്ടി പർപ്പസ് കെട്ടിടം എന്നിവ വയനാടിന് മുന്നേറ്റമാകും. മാനന്തവാടിയിൽ നടന്ന ഉദ്ഘാടന ചടങ്ങ് നാടിന്റെ ആഘോഷമായി. ഹൃദ്രോഗ ചികിത്സാ രംഗത്ത് പുത്തൻ വാഗ്ദാനമാണ് വയനാട് മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോടെ തുടങ്ങിയ കാത്ത് ലാബ്. ജന്മനായുള്ള ഹൃദ്രോഗങ്ങൾ ചികിത്സിക്കുന്നതും ഹൃദയത്തിലെ സുഷിരങ്ങൾ അടയ്ക്കുന്നതിനും കാത്ത് ലാബിൽ സൗകര്യമുണ്ടാകും. ഇതുകൂടാതെ ഹൃദയ പേശികൾക്ക് പ്രവർത്തനങ്ങളുടെ തടസ്സം അനുഭവിക്കുന്ന രോഗികൾക്ക് സി.ആർ.ടി., ഐ.സി.ഡി. ഇംപ്ലാന്റേഷൻ എന്നിവയും കാത്ത് ലാബ് വഴി നൽകാം. ഹൃദയത്തിലെ ധമനികളുടെയും അറകളുടെയും ചിത്രങ്ങളെടുക്കാനുള്ള ഉപകരണങ്ങളും സ്റ്റീനോസിസ് പോലെയുള്ള അസ്വാഭാവികതകളുണ്ടെങ്കിൽ അവ ചികിത്സിക്കാനുള്ള സംവിധാനവും കാത്ത് ലാബിൽ ഉണ്ടാകും. കൊറോണറി ആൻജിയോഗ്രാഫി പോലെ കാത്ത് ലാബിൽ ചെയ്യുന്ന അനേകം പ്രവൃത്തികൾക്ക് പൊതുവായി പറയുന്ന പേരാണ് കാർഡിയാക് കത്തീറ്ററൈസേഷൻ. ഒരിക്കൽ ഒരു കത്തീറ്റർ സ്ഥാപിച്ചുകഴിഞ്ഞാൽ ആൻജിയോ പ്ലാസ്റ്റി, പി.സി.ഐ, ആൻജിയോഗ്രാഫി, ട്രാൻസ് കത്തീറ്റർ, അയോട്ടിക് വാൾവ് റീപ്ലേസ്മെന്റ്, ബലൂൺ സെപ്റ്റോസ്റ്റമി, കത്തീറ്റർ അബ്ലേഷൻ എന്നിവ ഉൾപ്പെടെ നിരവധി ചികിത്സകൾ അവലംബിക്കാൻ കഴിയും.

> വയനാട് ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് ഹൈടെക് സ്കിൽ ലാബും ഏറെ ഗുണകരമാകും.

മെഡിക്കൽ കോളേജിൽ മികച്ച ശിശുരോഗ ചികിത്സ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പീഡിയാട്രിക് സൗകര്യം ഒരുക്കിയിട്ടുണ്ട്. ലക്ഷ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ബത്തേരി, കൽപ്പറ്റ, വൈത്തിരി, മാനന്തവാടി എന്നീ സർക്കാർ ആശുപത്രികളിലെ ലേബർ റൂമുകളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ചികിത്സാ സേവന രംഗം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടയാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നത്.

ഡോ. ബേസിൽ സാജു
കൺസൾട്ടന്റ്
(എൻ. പി. സി. സി. എച്ച്. എച്ച്)

# വേനൽച്ചൂടും ആരോഗ്യ പ്രശ്നങ്ങളും




**കാലാവസ്ഥാ** വ്യതിയാനം മൂലം അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വേനൽ ചൂട് കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ ഉള്ള സാധ്യത നിലനിൽക്കുന്നു. ആയതിനാൽ ചുവടെ കൊടുത്തിരിക്കുന്ന അറിവുകൾ പ്രയോജനപ്പെടുത്തി ചൂടുകാലത്തെ കൂളായി നമുക്ക് നേരിടാം.

**അപകട സാധ്യത കൂടുതൽ ഉള്ള വ്യക്തികൾ**

വേനൽ ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത കൂടുതൽ ഉള്ളവരെ തിരിച്ചറിയുന്നത് ചൂട് മൂലമുണ്ടാകുന്ന അപകടത്തിന്റെ ആഘാതം ലഘുകരിക്കുന്നതിന് അത്യാവശ്യമാണ്. പ്രായമുള്ളവർ, ശിശുക്കൾ, കുട്ടികൾ, പോഷകാഹാര കുറവ് ഉള്ളവർ, പ്രമേഹം, വൃക്ക രോഗങ്ങൾ, ഹൃദ്രോഗം മുതലായ രോഗമുള്ളവർ, ചെറിയ രീതിയിൽ സൂര്യഘാതമേറ്റാൽ പോലും ഗുരുതരമായ സങ്കീർണ്ണതകൾ ഉണ്ടാകാം.

വെയിലത്ത് പണി എടുന്നവർ, വളരെ കുറച്ചു മാത്രം വെള്ളം കുടിക്കുന്നവർ, തെരുവുകളിലും തുറസ്സായസ്ഥലങ്ങളിലും താത്ക്കാലിക പാർപ്പിടങ്ങളിലും താമസിക്കുന്ന അഗതികൾ, കൂടുതൽ സമയവും പുറത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾ, മദ്യപാനികൾ എന്നിവരും അപകട സാധ്യത കൂടിയവരിൽ ഉൾപ്പെടുന്നു.

**പ്രതിരോധമാർഗങ്ങൾ**

വേനൽകാലത്ത് പ്രത്യേകിച്ച് ചൂടിന് കാഠിന്യം കൂടുമ്പോൾ ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കുക. ശരീരത്തിൽ നിന്ന് ധാരാളം ജലവും ലവണങ്ങളും നഷ്ടപ്പെട്ടിരിക്കാൻ സാധ്യത ഉണ്ടെന്നതിനാൽ ഉപ്പിട്ട് കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻ വെള്ളം തുടങ്ങിയവ കുടിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും.

വെയിലത്ത് ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ ഉച്ചസമയം വിശ്രമവേളയായി പരിഗണിച്ച് ജോലി സമയം ക്രമീകരിക്കുകയോ അല്ലെങ്കിൽ കാഠിന്യമേറിയ ജോലികൾ രാവിലെയോ വൈകിട്ടോ ആയി ചെയ്യാൻ ശ്രമിക്കുക.

കുട്ടികളെ അതി കഠിനമായ വെയിലുള്ള സമയങ്ങളിൽ കളിക്കാൻ അനുവദിക്കാതിരിക്കുക. കാറ്റ് കടന്ന് ചൂട് പുറത്ത് പോകത്തക്ക രീതിയിൽ വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക.

കട്ടി കുറഞ്ഞതും വെളുത്തതോ, ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക.

വെയിലത്ത് പാർക്ക് ചെയ്യുന്ന കാറിലും മറ്റും കുട്ടികളെ ഇരുത്തിയിട്ട് പോകാതിരിക്കുക.

ഫലങ്ങളും, സാലഡുകളും കഴിക്കുക. കഫീൻ (caffeine), അടങ്ങിയ പനിയങ്ങളുടെയും, ഗ്യാസ് (carbonated) അടങ്ങിയ പാനിയങ്ങളുടെയും, മദ്യത്തിന്റെയും ഉപയോഗം കുറയ്ക്കുക.

വെയിലത്ത് നടക്കേണ്ട അവസരങ്ങളിൽ കുട ഉപയോഗിക്കുക.

**സൂര്യാഘാതമോ ചൂട് മൂലമുള്ള മറ്റു ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടായാൽ ചെയ്യേണ്ട പ്രാഥമിക കാര്യങ്ങൾ**

വെയിലുള്ള സ്ഥലത്ത് നിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കുക.

ധരിച്ചിരിക്കുന്ന കട്ടി കൂടിയ ഇറുകിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക.

തണുത്ത വെള്ളം കൊണ്ട് ശരീരം തുടക്കുക, ഫാൻ, എ.സി. എന്നിവയുടെ സഹായത്താൽ ശരീരം തണുപ്പിക്കുക.

ധാരാളം വെള്ളം കുടിക്കാൻ നൽകുക.

ആരോഗ്യസ്ഥിതി പൂർണമായും മെച്ചപെട്ടതിനു ശേഷം മാത്രം ചെയ്ത് കൊണ്ടിരുന്ന ജോലിയിലേക്ക് വേണ്ടും പ്രവേശിക്കുക.

ആരോഗ്യസ്ഥിതിമെച്ചപ്പെടുന്നില്ലെങ്കിലോ, ബോധക്ഷയം ഉണ്ടാകുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുക.

ഡോ ഡിനു എം ജോയ്
ജൂനിയർ കൺസൾട്ടന്റ്
(അഡോളസന്റ് ഹെൽത്ത്)

# അവധിക്കാലം ആരോഗ്യകരമാക്കാം



**ഓരോ** വേനൽ അവധിക്കാലവും രസകരവും അവിസ്മരണീയമാക്കിയ ഒരു കൗമാരക്കാലം നമുക്കുമുണ്ടായിരുന്നു. ഓടിയും, ചാടിയും, കളിച്ചും, ചിരിച്ചും ഒരുപാട് കഴിവുകൾ സ്വന്തമാക്കിയ കാലം. തോൽക്കാനും, ജയിക്കാനും, പരസ്പരം പങ്കുവയ്ക്കാനും, പൊരുത്തപ്പെടാനും മറ്റുള്ളവരെ പരിഗണിക്കാനും സ്വയം വളരാനും ഒക്കെ അവസരം കിട്ടിയ സമയം. സ്നേഹബന്ധങ്ങളുടെ ആഴമറിഞ്ഞിരുന്ന സമയം. അമ്മവീട്ടിലും, ബന്ധുവീട്ടിലുമൊക്കെ പോയി താമസിക്കാൻ വീണുകിട്ടിയ അവസരങ്ങൾ. തൊടിയിലെ മാമ്പഴവും, ചക്കപ്പഴവും, ചാമ്പയ്ക്കയും, പേരയ്ക്കയുമൊക്കെ ആസ്വദിച്ചു കഴിച്ചിരുന്ന സമയം. സൈക്കിൾ ഓടിക്കാനും, നീന്തൽ പഠിക്കാനുമൊക്കെ മാറ്റിവച്ച ദിവസങ്ങൾ. തൊട്ടടുത്ത പൊയ്ക തോട്ടിൽ നിന്നും തോർത്തുമുണ്ട് വിരിച്ച് പരൽ മീനുകളെ പിടിച്ച്, ചില്ലുകുപ്പികളിൽ വളർത്തിയ കാലം. കുഴിപ്പന്തും കുട്ടീം കോലും, സാറ്റും, അക്കുമൊക്കെ കളിച്ചിരുന്ന കാലം.

എന്നാൽ ആ അവധിക്കാലം ഇന്നൊരു ഓർമ മാത്രമായി. കാലം മാറിയപ്പോൾ ലോകത്തിന്റെ മുഴുവൻ കാഴ്ചകളും വിരൽ തുമ്പിൽ കാണുകയും, കേൾക്കുകയും, അറിയുകയും ചെയ്യുന്ന ഡിജിറ്റൽ യുഗത്തിന്റെ ഭാഗമായിരിക്കുന്നു ഭൂരിഭാഗം കൗമാരക്കാരും. നാല് ചുവരുകൾക്കുള്ളിലെ മുറികളിൽ പായ്ക്കറ്റ് ഫുഡും മൊബൈൽ ഫോണുമായി നമ്മുടെ കൗമാരക്കാർ അവധിക്കാലം ചെലവഴിക്കുകയാണ്.

ഇന്ന് കുട്ടികൾക്ക് ഓടാനും ചാടാനും കളിക്കാനുമുള്ള സമയം ഇല്ലാതായിരിക്കുന്നു. വെളുപ്പിനെ എഴുന്നേൽക്കുക, പ്രഭാതഭക്ഷണം കഴിക്കുക, വിനോദങ്ങളിൽ ഏർപ്പെടുക തുടങ്ങിയ ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യ കാര്യങ്ങൾ എല്ലാം മൊബൈൽ ഫോണുകൾ കവർന്നെടുത്തിരിക്കുന്നു. കാലം തെറ്റിവരുന്ന ഋതുഭേദംപോലെ, അടുക്കും ചിട്ടയുമില്ലാത്ത ജീവിതശൈലികൾ കൗമാരത്തിന്റെ ഊണും ഉറക്കവും നഷ്ടപ്പെടുത്തിയിരിക്കുന്നു. സൗഹൃദങ്ങളെയും കുടുംബബന്ധങ്ങളെയും ഒരുപാട് മാറ്റിയിരിക്കുന്നു. വളർത്തേണ്ട സാങ്കേതിക വിദ്യകൾ തളർത്തുന്ന അവസ്ഥയിലേക്ക് മാറി. ഒരുപാട് വെല്ലുവിളികളെ അതിജീവിക്കേണ്ട പക്വതയും ജീവിതനൈപുണ്യവും ആർജ്ജിക്കേണ്ട ഈ കൗമാരക്കാലം, മണ്ണിനെയും പ്രകൃതിയേയും തൊട്ടറിഞ്ഞ് പ്രകൃതിയുടെ തനിമയും സ്വാദും ആസ്വദിച്ച് ഗുണമുള്ള വ്യക്തിത്വങ്ങളായി മാറേണ്ട ഈ കൗമാരക്കാലം, ഇന്ന് ഒറ്റപ്പെട്ട രീതിയിലേക്ക് മാറിയിരിക്കുന്നു. തന്നെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും വീണ്ടുവിചാരവും ദീർഘവീക്ഷണവും ഉണ്ടാകേണ്ട സമയത്ത് ഉത്തരവാദിത്വ ബോധത്തിലെ കുറവുകളും അച്ചടക്കമില്ലായ്മയും ഒക്കെ ഇന്നത്തെ കൗമാരത്തിന് വെല്ലുവിളിയാവുകയാണ്.

ഈ അവസ്ഥ മാറേണ്ടതുണ്ട്. അതിന് രക്ഷിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികൾ എന്ത് ചെയ്യുന്നു, അവർ അവധിക്കാലം എങ്ങനെ ചെലവഴിക്കുന്ന എന്നതിനെക്കുറിച്ച് രക്ഷിതാക്കളും അന്വേഷിക്കേണ്ടതുണ്ട്. കുട്ടികളുടെ സർഗാത്മ വളർത്തിയെടുക്കുവാൻ സാധിക്കുന്ന രീതിയിലുള്ള വേനൽ ക്യാമ്പുകളിലും കുട്ടികളെ പങ്കെടുപ്പിക്കാം. ഈ വർഷത്തെ അവധിക്കാലം ഓരോ കൗമാരക്കാരനും ഒരു പുതിയ തുടക്കമാവണം. സ്വന്തം വ്യക്തിത്വത്തിന്റെ സവിശേഷതകൾക്കനുസരിച്ച് അവധിക്കാല പരിപാടികൾ പ്ലാൻ ചെയ്യാം.

ഈ അവധിക്കാലത്ത് ഓരോരുത്തരുടെയും അഭിരുചി വളർത്തിയെടുക്കാൻ ശ്രദ്ധിക്കാം. കൃഷിയാണ് താൽപര്യമെങ്കിൽ അതിന് നൂതന ആശയങ്ങൾ കൊണ്ടുവരാൻ ശ്രമിക്കണം. മീൻ വളർത്തുകയാണെങ്കിൽ പ്രത്യേകതരം കുളങ്ങൾ, മത്സ്യങ്ങൾ എന്നിവ തിരഞ്ഞെടുക്കാം. ഫോട്ടോഗ്രാഫി താൽപര്യമുളളവർ നമുക്ക് ചുറ്റുമുള്ള വ്യത്യസ്തത തോന്നുന്ന ചിത്രങ്ങൾ അതിന്റെ ആത്മാവ് നഷ്ടമാവാതെ പകർത്താൻ ശ്രമിക്കാം. സംഗീതം താൽപര്യമുളളവർ ഈ അവധിക്കാലത്ത് സംഗീത ക്ലാസിന് ചേരാം. സംഗീത ഉപകരണങ്ങൾ (ഉദാഹരണത്തിന് ചെണ്ട, വയലിൻ മുതലാവയ) താത്പര്യമുളളവർ അത് അഭ്യസിക്കുകയും ചെയ്യുക. നൃത്തങ്ങൾ താത്പര്യമുളളവർ അവരുടെ അഭിരുചികൾക്കനുസരിച്ച് ഇഷ്ടമുള്ള നൃത്തങ്ങൾ തിരഞ്ഞെടുത്ത് പരിശീലിക്കുക. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ അവരെ കരാട്ടെ, കളരി തുടങ്ങിയ സ്വയംസുരക്ഷാ മാർഗ്ഗങ്ങൾ പരിശീലിപ്പിക്കുന്നതും നല്ലതാണ്. ഫുട്ട്ബാൾ, ബാഡ്മിന്റൺ, നീന്തൽ തുടങ്ങിയ എയറോബിക്സ് വ്യായാമങ്ങൾ ചെയ്യുന്നതും നല്ലതാണ്.

ചിത്രം വരക്കാൻ താൽപര്യമുള്ള കുട്ടികളെ ചിത്രരചനയും പ്രോത്സാഹിപ്പിക്കാം. ചിത്രങ്ങൾ പ്രദർശനങ്ങൾ നടത്തി അവരെ പ്രോത്സാഹിപ്പിക്കാൻ രക്ഷിതാക്കളും ശ്രദ്ധിക്കുക. നാടകങ്ങൾ താൽപര്യമുളളവർ സ്ട്രീറ്റ് പ്ലേ, റോൾ പ്ലേ, തുടങ്ങിയ സമൂഹത്തിന് സന്ദേശങ്ങൾ നൽകുന്ന തരത്തിലുള്ള കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുക. പാചകത്തിന് താൽപര്യമുളളവർ ആരോഗ്യകരമായ വ്യത്യസ്തതരത്തിലുള്ള ഭക്ഷണങ്ങൾ ഉണ്ടാക്കുകയും മനോഹരമായിട്ട് വിളമ്പുകയും ചെയ്യാം.

വായിക്കാൻ താൽപര്യമുളളവർ നല്ല പുസ്തകങ്ങൾ, കവിതകൾ എന്നിവ വായിക്കുക. ഐ.എ.എസ്. ഐ.പി. എസ്. താൽപര്യമുളളവർക്ക് അതിനുള്ള പരിശീലനവും നൽകുക. പുതിയ ജേർണൽസും ആർട്ടിക്കിൾസും വായിക്കുക. ജീവിതനൈപുണ്യങ്ങളും ആത്മവിശ്വാസവും വളർത്തുന്ന വെക്കേഷൻ ക്ലാസുകളിൽ പങ്കെടുക്കുക.

വയോജനകേന്ദ്രങ്ങൾ, ക്യാൻസർ വാർഡ്, കിടപ്പുരോഗികൾ എന്നിവ സന്ദർശിക്കുന്നത് കുട്ടികൾ മറ്റുള്ളവരോട് സഹാനുഭൂതി കൂട്ടുന്നതിനും സാമൂഹിക പ്രതിബദ്ധത ഉണ്ടാക്കുന്നതിനും നല്ലതാണ്. അതോടൊപ്പം പൊതുവായ സ്ഥലങ്ങൾ ശുചീകരണത്തിനും മറ്റുള്ളവരെ സഹായിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളി ആകുക. ഉദാഹരണം കൊതുകുനിവാരണം.

കുടുംബാംഗങ്ങൾ കൂടുതൽ സമയം ഒരുമിച്ച് ചെലവഴിക്കാനും ഭക്ഷണം പാകം ചെയ്തു കഴിക്കാനും ഒരുമിച്ച് യാത്രപോകാനും ശ്രമിക്കണം. കുട്ടികൾ തന്നെ വിനോദ യാത്രകൾ പ്ലാൻ ചെയ്യുകയും അതിന്റെ തുക തിട്ടപ്പെടുത്തി മാതാപിതാക്കളെ അറിയിക്കുയും ഒരുമിച്ച് തീരുമാനം എടുക്കുകയും ചെയ്യണം. വിനോയാത്ര പോയതിനുശേഷം അതിന്റെ യാത്രാവിവരണം എഴുതണം. ബന്ധുവീടുകൾ സന്ദർശിക്കുകയും അയൽപക്കക്കാരുമായി നല്ല ബന്ധങ്ങൾ നിലനിർത്തുകയും ചെയ്യണം. ഇവ മൂലം കുട്ടികളിൽ ശാരീരിക ആരോഗ്യവും മാനസിക ആരോഗ്യവും സാമൂഹിക ആരോഗ്യവും വർദ്ധിക്കുന്നതോടൊപ്പം സാമൂഹിക പ്രതിബദ്ധത ഉള്ള നല്ല തലമുറയെ വാർത്തെടുക്കാൻ സാധിക്കൂ.

കളികളിലും മറ്റും ഏർപ്പെടുമ്പോൾ കൃത്യമായി ഉറങ്ങാനും ശ്രദ്ധിക്കണം. 8 - 10 മണിക്കൂർ വരെ ദിവസവും ഉറങ്ങണം. അതുപോലെ സമീകൃതാഹാരം കഴിക്കുകയും ചെയ്യണം. കൗമാരക്കാരുടെ ഇടയിലും ജീവിതശൈലീ രോഗങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഫാസ്റ്റ് ഫുഡ് ഒഴിവാക്കാനും ശ്രദ്ധിക്കുക.

കൗമാരക്കാർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ, അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ തുറന്ന് പറയാനും, കൗൺസിലിംഗ് ഉൾപ്പടെയുള്ള ലഭ്യമാക്കുന്നതിനും എല്ലാ ജില്ലകളിലും കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. നമ്മുടെ പരിചയത്തിലുള്ള ആരെങ്കിലും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിൽ ഈ സൗജന്യ സേവനം ഉപയോഗപ്പെടുത്താൻ നമുക്ക് അവരെ പ്രാപ്തരാക്കാം.

# അഭിമാനം ആശമാരുടെ ഈ ശിങ്കാരിമേളം




തൃശ്ശൂർ ജില്ലാ ആശാ കോർഡിനേറ്റർ **മിനി യു** വിന്റെ അനുഭവക്കുറിപ്പ്

**ഏപ്രിൽ** 17ന് പതിമൂന്നാമത് ആർദ്രകേരളം പുരസ്കാര വേദിയിൽ ബഹു. കേരള മുഖ്യമന്ത്രിക്ക് മുന്നിൽ എന്റെ പ്രിയ താരങ്ങൾ മേളം കൊട്ടിക്കയറിയപ്പോൾ ആത്മാഭിമാനം വാനോളം ഉയർന്നു. കാരണം ഇതിന് പിന്നിൽ വർഷങ്ങളുടെ പരിശ്രമവും അതുപോലെ തന്നെ പ്രിയ സുഹൃത്തുക്കളുടെ നിസ്വാർത്ഥമായ അധ്വാനവും ഉണ്ട്.

2018 ൽ അന്നത്തെ ആരോഗ്യകേരളം സംസ്ഥാന മിഷൻ ഡയറക്ടറായിരുന്ന കേശവേന്ദ്രകുമാർ ഐഎഎസ് പങ്കെടുത്ത ഒരു സംസ്ഥാനതല അവലോകന യോഗത്തിൽ അദ്ദേഹം പറഞ്ഞ ചില ചിന്തകളിൽ നിന്നുമാണ് ആശമാരുടെ ഒരു ശിങ്കാരിമേളം ഗ്രൂപ്പ് എന്ന ആശയം ഉടലെടുത്തത്. തുടർന്ന് വന്ന ആശമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ വനിതാ ശിങ്കാരിമേളത്തെ കുറിച്ച് ചർച്ചയ്ക്ക് അവസരമൊരുക്കി. ആളൂരിൽ നിന്നും ആശ പ്രവർത്തകരായ റോസിലിയും റീനയും, മാമ്പ്രയിൽ നിന്നും സരിത, കൈപ്പമംഗലത്ത് നിന്നും ശോഭനയും സുഭദ്രയും ഇതിനായി മുന്നോട്ടു വന്നു. പഠിപ്പിച്ച് തന്നാൽ കൊട്ടാൻ തയ്യാറായി ബബി മോളും ലാലിയും ചന്ദ്രികയും. അങ്ങിനെ മൊത്തം 8 പേർ അടങ്ങുന്ന ടീമായി. അപ്പോഴാണ് ശിങ്കാരി മേളത്തിൽ ചെണ്ടയും വലന്തലയും എന്നിങ്ങനെ രണ്ട് തരം വാദ്യോപകരണങ്ങൾ ഉള്ളതായി അറിഞ്ഞത്. 8 പേരുടെ ടീമിൽ ആളൂരിലെ റോസിലിയും മാമ്പ്രയിലെ സരിതയും ചെണ്ട കൊട്ടാൻ അറിയുന്നവരാണെങ്കിൽ റീനയ്ക്കും ശോഭനയ്ക്കും വലന്തലയാണ് വശം. സുഭദ്ര താളം ഉപയോഗിക്കുന്നതിൽ മിടുക്കിയാണ്. ഒന്നും അറിയാതെ പഠിക്കാൻ തയ്യാറായി വന്ന മൂന്നുപേരിൽ ഓരോരുത്തർ ഓരോ വാദ്യം പഠിക്കാൻ തയ്യാറായി. തുടർന്ന് തളിക്കുളം സ്നേഹതീരത്തു വെച്ച് ആശാ സംഗമം വന്നപ്പോൾ ടീമിനെ സജ്ജമാക്കാൻ തീരുമാനിക്കുകയും ഊരകം ട്രെയ്നിംഗ് സെന്ററിൽ വെച്ച് ചെണ്ട വാടകയ്ക്കെടുത്ത് അറിയുന്നവർ അറിയാത്തവരെ പഠിപ്പിച്ചു. ആശയുടെ ലോഗോ വെച്ചുള്ള ഓവർകോട്ടും സംഘടിപ്പിച്ചു. അങ്ങിനെ 2018 ഡിസംബർ 28 ന് വൈകീട്ട് 4 മണിക്ക് ആശമാരുടെ ശിങ്കാരിമേളം ടീം സ്നേഹതീരത്ത് ആദ്യമായി അരങ്ങേറ്റം കുറിച്ചു. എല്ലാവരിൽ നിന്നും നല്ല അഭിപ്രായമാണ് ഇതിനു ലഭിച്ചത്. ഇത് ടീമിനെ വിപുലീകരിക്കാൻ പ്രചോദനമായി.

ആശമാരിൽ നിന്നു തന്നെ മേളം കൊട്ടാനറിയാവുന്ന

> ഇന്ന് ആറ് ചെണ്ടയും ആറ് വലന്തലയും ആറ് ജോഡി താളവും തൃശ്ശൂരിലെ ആരോഗ്യ കേരളത്തിന് സ്വന്തമായുണ്ട്

വിമലയേയും സന്ധ്യയേയും അനിതയേയും കണ്ടെത്തുകയും കൊട്ടാനറിയാത്ത പലരും താൽപര്യപൂർവ്വം ടീമിൽ എത്തുകയും ചെയ്തു. എല്ലാവരും ഒത്തൊരുമിച്ച് വിവിധ സ്ഥലങ്ങളിൽ നിന്നും വന്ന് ഒന്നിച്ചു കൂടി മേളങ്ങളും താളങ്ങളും പരസ്പരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

ആളുകൾ കൂടുന്തോറും മേളത്തിൽ റിസ്ക്ക് കൂടുതലാണ്. ആർക്കെങ്കിലും ഒരാൾക്ക് ഒരു ചെറിയ പിഴവ് വന്നാൽ പോലും മൊത്തം താളം പിഴയ്ക്കുമെന്നു മാത്രമല്ല, മറ്റുള്ളവരുടെ ആത്മവിശ്വാസം ഇല്ലാതാക്കുകയും ചെയ്യും. ആയതിനാൽ നിരന്തരമായ പ്രാക്ടീസ് ഒഴിച്ചുകൂടാനാവാത്തതാണ്. ഇതിനായി ആരോഗ്യ കേരളം ജില്ലാ ഓഫീസിന് മുകളിൽ സൗകര്യം ഒരുക്കുകയും കൊട്ടി പഠിക്കുന്നതിനുള്ള കട്ടകളും കൊട്ടാനുള്ള കോലുകളും സംഘടിപ്പിക്കുകയും ചെയ്തു. ചുരുങ്ങിയ വരുമാനത്തിൽ നിന്നും പലപ്പോഴും യാത്രയ്ക്ക് തന്നെ പലർക്കും നല്ലൊരു തുക കണ്ടെത്തേണ്ടതായി വന്നു. എന്നാലും ഒരു ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ അവർ ഒറ്റക്കെട്ടായി പരിശ്രമിച്ചു. ഇതിന്റെയെല്ലാം ഫലമായിട്ടാണ് പിന്നീട് പല ജില്ലാതല പരിപാടികളിലും സംസ്ഥാനതല പരിപാടികളിലും ആശമാരുടെ ശിങ്കാരിമേളം പ്രത്യേക ശ്രദ്ധ ആകർഷിച്ചത്.

ഇന്ന് ഈ ടീമിൽ 20 അംഗങ്ങൾ ആക്ടീവായി ഉണ്ടെന്നുള്ളത് അഭിമാനപൂർവ്വം പറയാം. ഒരു സംസ്ഥാന മുഖ്യമന്ത്രിക്ക് മുന്നിൽ അഭിമാനത്തോടു കൂടിതന്നെ കൊട്ടിക്കയറാൻ എന്റെ പ്രിയ സുഹൃത്തുക്കൾ പ്രാപ്തരായി നിൽക്കുന്നതു കാണുമ്പോഴുള്ള അഭിമാനം ചെറുതൊന്നുമല്ല. പല ആരോഗ്യ ബോധവൽക്കരണ പരിപാടികളിലും ആളുകളുടെ ശ്രദ്ധയാകർഷിക്കുന്നതിന് വനിതകളുടെ ശിങ്കാരിമേളം വലിയൊരളവിൽ സഹായിക്കുന്നുണ്ട്. ആളുകളെ സംഘടിപ്പിക്കുന്നതിന് ബുദ്ധിമുട്ടേണ്ടി വരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത് ആളുകൾ സ്വയം വന്നെത്തിച്ചേരുന്നതിന് സഹാകരമാകുന്നു എന്നത് എടുത്തു പറയേണ്ടതു തന്നെയാണ്.

അരങ്ങേറ്റത്തിന് ചെണ്ടയും താളവും വാടകക്കെടുത്താണ് ഉപയോഗിച്ചിരുന്നത് എങ്കിൽ സംസ്ഥാന ആശാ പ്രോഗ്രാം കോർഡിനേറ്ററുടെയും, ജില്ലാ ഐഇസി കൺസൾട്ടന്റിനെയും ശ്രമഫലമായി ഇന്ന് ആറ് ചെണ്ടയും ആറ് വലന്തലയും ആറ് ജോഡി താളവും തൃശ്ശൂരിലെ ആരോഗ്യ കേരളത്തിന് സ്വന്തമായുണ്ട്.

സംസ്ഥാനതലത്തിൽ നടക്കുന്ന പല പരിപാടികളിലും അവസരം നൽകുകയും ടീമിനെ കൂടുതൽ ശക്തമാക്കാനും പരിപോഷിപ്പിക്കാനും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്തത് വിസ്മരിക്കാവുന്നതല്ല.



എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

# മികവിന്റെ കേന്ദ്രമാകാൻ എറണാകുളം ജനറൽ ആശുപത്രി

**എറണാകുളം**: ആരോഗ്യസേവന രംഗത്ത് നാഴികക്കല്ലാകുന്ന വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ച് എറണാകുളം ജനറൽ ആശുപത്രി. പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

1.1 കോടിരൂപ ചെലവഴിച്ച് കല്യാൺ സിൽക്സിന്റെ സാമൂഹിക പ്രതിബദ്ധത ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച ഡിജിറ്റൽ മാമോഗ്രാം, ടി.ജെ. വിനോദ് എം എൽ എ യുടെ പ്രാദേശിക ഫണ്ടായ 8 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം, 7 ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ച ഗൈനക് തീവ്ര പരിചരണ വിഭാഗം, 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ച പരിശീലന കേന്ദ്രം, പുനരുദ്ധാരണം പൂർത്തിയാക്കിയ സ്ത്രീകളുടെയും പുരുഷന്മാരുടെയും ഓർത്തോ വാർഡ്, ഹൈബി ഈഡൻ എം.പിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള ഒ.പി.ബ്ലോക്ക് നവീകരണം, ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്ന് 90 ലക്ഷം രൂപ ഉപയോഗിച്ചുള്ള ലേബർ റൂം എന്നിവയുടെ നിർമ്മാണ ഉദ്ഘാടനമാണ് മന്ത്രി നിർവഹിച്ചത്.

ജനറൽ ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിൽ ഏറ്റവും മികച്ചതും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള

> അനലോഗ് മാമോഗ്രാം യൂണിറ്റ് വഴിയാണ് പരിശോധന നടത്തിയിരുന്നത്

ചികിത്സാ സംവിധാനവും ലഭ്യമാകുന്നുണ്ട്. ഏകദേശം 250 ഒ.പി. രോഗികളും 25 ലധികം അഡ്മിഷൻ രോഗികളും ദിനംപ്രതി ഇവിടെ എത്തുന്നുണ്ട്. കൂടാതെ 40 ലധികം കീമോതെറാപ്പി, 15 ലധികം റേഡിയോതെറാപ്പി സേവനങ്ങളും പ്രതിദിനം നൽകി വരുന്നു. അനലോഗ് മാമോഗ്രാം യൂണിറ്റ് വഴിയാണ് പരിശോധന നടത്തിയിരുന്നത്. അതിനാലാണ് ഡിജിറ്റൽ മാമോഗ്രാം യൂണിറ്റ് എറണാകുളം ജനറൽ ആശുപത്രിയിൽ സജ്ജമാക്കിയത്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടായ 50 ലക്ഷം രൂപ ഉപയോഗിച്ച് പരിശീലന കേന്ദ്രം / കോൺഫറൻസ് ഹാൾ എന്നിവയും നവീകരിച്ചു. രാജ്യാന്തര നിലവാരത്തിലുള്ള പുരസ്കാരങ്ങൾ നേടിയെടുക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ, മറ്റു യോഗങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ഈ സൗകര്യം വിനിയോഗിക്കും.

ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള ഗുണനിലവാര പുരസ്കാരങ്ങളായ എൻഎബിഎച്ച്, എൻ ക്യു എ എസ്, കായകൽപ്, ലക്ഷ്യ, മദർ ആൻഡ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ സർട്ടിഫിക്കേഷൻ എന്നിവ സ്വന്തമാക്കിയ എറണാകുളം ജനറൽ ആശുപത്രി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാവുന്ന കേന്ദ്രമായി മാറുകയാണ്.




ലോകാരോഗ്യ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം നിർവഹിക്കുന്നു

# രക്തസമ്മർദവും പ്രമേഹവുമുള്ളവർ കൊവിഡിനെ പ്രതിരോധിക്കാൻ മാസ്ക് ധരിക്കണം: മന്ത്രി വീണാ ജോർജ്

- **ആർദ്രം ജീവിതശൈലീ സ്ക്രീനിംഗ് രണ്ടാംഘട്ടമായി തുടർപ്രവർത്തനങ്ങൾ**
- **ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കും**

**തിരുവനന്തപുരം**: രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുള്ളവർ കൊവിഡിനെ പ്രതിരോധിക്കാൻ മാസ്ക് ധരിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ കൊവിഡ് സാഹചര്യം ആരോഗ്യ വകുപ്പ് സൂക്ഷ്മതയോടെയും ജാഗ്രതയോടെയും വിലയിരുത്തുന്നു. ആരോഗ്യ വകുപ്പ് നിരന്തരം യോഗങ്ങൾ ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തി വരുന്നു. കൊവിഡ് രോഗികളുടെ എണ്ണം ചെറുതായി കൂടുന്നെങ്കിലും ആശങ്ക വേണ്ട. ആശുപത്രി ചികിത്സയിലും ഐസിയു, വെന്റിലേറ്റർ ഉപയോഗത്തിലും കാര്യമായ വർധനവ് ഉണ്ടായിട്ടില്ല. പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ, പ്രമേഹം, രക്താതിമർദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുള്ളവർ എന്നിവർക്ക് കരുതൽ ആവശ്യമാണ്. അതിനാൽ ഈ വിഭാഗക്കാർ മാസ്ക് ധരിക്കണമെന്നും മന്ത്രി പറഞ്ഞു. ലോകാരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.


ജീവിതശൈലീ രോഗങ്ങൾ പ്രധാന വെല്ലുവിളിയാണ്. നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിന് വലിയ പ്രാധാന്യം നൽകുന്നു. ആർദ്രം ജീവിതശൈലീ രോഗ നിർണയ സ്ക്രീനിംഗിലൂടെ 1.11 കോടി ജനങ്ങളെ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി. ആർദ്രം ജീവിതശൈലീ രോഗ നിർണയ പദ്ധതിയുടെ രണ്ടാംഘട്ട തുടർ പ്രവർത്തനങ്ങളും നടത്തുന്നതാണ്. കാൻസർ തുടങ്ങിയ രോഗങ്ങൾ സ്ഥിരീകരിക്കുന്നവർക്ക് തുടർ ചികിത്സ ഉറപ്പാക്കി വരുന്നു. കാൻസർ ഗ്രിഡ് സംസ്ഥാനത്ത് ഫലപ്രദമായി നടത്തി വരുന്നു.

ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പാക്കുക പ്രധാനമാണ്. ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെ പ്രാധാന്യം നൽകുന്നു. പ്രാഥമിക തലത്തിൽ തന്നെ സൂക്ഷ്മവും ശക്തവുമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ എല്ലാ സബ്സെന്ററുകളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കാൻ അനുമതി നൽകിയിരുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ജനകീയ ക്ലബ്ബുകൾ രൂപീകരിക്കും. ഗർഭിണികൾ, കിടപ്പ് രോഗികൾ, സാന്ത്വനപരിചരണം ആവശ്യമായവർ എന്നിവർക്ക് പ്രത്യേക കരുതലൊരുക്കും. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാനും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വളരെ പങ്ക് വഹിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പൊതുസമൂഹത്തിന്റേയും വ്യക്തികളുടേയും ആരോഗ്യം ഉറപ്പ് വരുത്താൻ സമർപ്പിതമായി പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ പ്രവർത്തകർക്കും മന്ത്രി ആശംസകൾ നേരുകയും നന്ദിയറിയിക്കുകയും ചെയ്തു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, കൗൺസിലർ കൃഷ്ണകുമാർ, അഡീഷണൽ ഡയറക്ടർമാരായ ഡോ. കെ.വി. നന്ദകുമാർ, ഡോ വി. മീനാക്ഷി, ഡോ. സക്കീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, അഡീഷണൽ ഡിഎംഒ ഡോ. ജയശങ്കർ. എന്നിവർ പങ്കെടുത്തു. അച്യുതമേനോൻ സെന്റർ മുൻ പ്രൊഫസർ ഡോ. വി രാമൻകുട്ടി സെമിനാർ നയിച്ചു.

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരേസമയം 2 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ



## ഭർത്താവിന്റെ അവയവയങ്ങൾ ദാനം ചെയ്ത് പൂർണ ഗർഭിണി 4 പേരെ രക്ഷിച്ചു

**തിരുവനന്തപുരം**: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരേ സമയം നടന്ന രണ്ട് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും വിജയം. തിരുവനന്തപുരം കണിയാപുരം സ്വദേശിയ്ക്കും (48), മയ്യനാട് സ്വദേശിയ്ക്കുമാണ് (54) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. വാഹനാപകടത്തിൽ പരിക്കേറ്റ് മസ്തിഷ്ക മരണമടഞ്ഞ ബാലരാമപുരം സ്വദേശി ശരത്കൃഷ്ണന്റെ (32) അവയവങ്ങളാണ് ദാനം നൽകിയത്. രാത്രിയിൽ തന്നെ വേണ്ട ക്രമീകരണങ്ങളൊരുക്കി 2 ശസ്ത്രക്രിയകളും വിജയകരമാക്കിയ മെഡിക്കൽ കോളേജിലെ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. പൂർണ ഗർഭിണിയായിട്ടും തീവ്രദു:ഖത്തിനിടയിലും അവയവദാനത്തിനായി മുന്നോട്ട് വന്ന ഭാര്യ അർച്ചനയെ മന്ത്രി നന്ദിയറിയിച്ചു.

ഏപ്രിൽ ഏഴാം തീയതിയാണ് തമിഴ്നാട് കോവിൽപ്പെട്ടിയിൽ വച്ച് വാഹനാപകടത്തിലൂടെ ശരത്കൃഷ്ണന് ഗുരുതരമായി പരിക്കേറ്റത്. അവിടത്തെ ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം കിംസ് ആശുപത്രിയിലും വിദഗ്ധ ചികിത്സ നൽകി. മസ്തിഷ്ക മരണമടഞ്ഞതിനെ തുടർന്ന് അവയവദാനത്തിന് ഭാര്യ തയ്യാറാകുകയായിരുന്നു. രണ്ട് വൃക്കകൾ, രണ്ട് കണ്ണുകൾ എന്നിവയാണ് ദാനം നൽകിയത്. അനുയോജ്യരായ മറ്റ് രോഗികൾ കേരളത്തിലും തമിഴ്നാട്ടിലുമില്ലാത്തതിനാൽ മറ്റവയവങ്ങൾ എടുക്കാനായില്ല. കെ. സോട്ടോ വഴിയാണ് അവയവ വിന്യാസം നടത്തിയത്.

എ ബി പോസിറ്റീവ് രക്ത ഗ്രൂപ്പിൽപ്പെട്ട രോഗികൾ മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ളതാണ് രണ്ട് വൃക്കകളും തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിച്ചത്. രണ്ട് സങ്കീർണ ശസ്ത്രക്രിയകൾ ഒരുമിച്ച് ചെയ്യുക എന്നത് വലിയ വെല്ലുവിളിയായിരുന്നു. ഇതിനുള്ള ക്രമീകരണങ്ങൾ വളരെ പെട്ടെന്ന് മെഡിക്കൽ കോളേജിൽ നടത്തിയാണ് ഇത് യാഥാർത്ഥ്യമാക്കിയത്. ഡോക്ടർമാർ, നഴ്സുമാർ, മറ്റുള്ളവർ തുടങ്ങി 50 ഓളം ജീവനക്കാരുടെ കഠിനാധ്വാനത്തിന്റെ ഫലം കൂടിയായിരുന്നു ഈ ശസ്ത്രക്രിയകൾ. അതിരാവിലെ 4 മണിക്ക് തുടങ്ങിയ ശസ്ത്രക്രിയകൾ രാവിലെ 9 മണിക്കാണ് പൂർത്തിയാക്കിയത്.

# ആരോഗ്യമേഖലക്ക് കരുത്തായി വിവിധ പദ്ധതികൾ

### ആരോഗ്യമന്ത്രി നാടിന് സമർപ്പിച്ചു



അമ്മയും കുഞ്ഞും ആശുപത്രിയിൽ എത്തിയ ആരോഗ്യമന്ത്രി വീണാ ജോർജ്ജ് മോഡുലാർ ഓപ്പറേഷൻ തിയേറ്റർ സന്ദർശിക്കുന്നു

**കാസർകോഡ്**: ജില്ലയിൽ ആരോഗ്യമേഖലക്ക് കരുത്തേകാൻ വിവിധ പദ്ധതികൾ ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നാടിന് സമർപ്പിച്ചു. അഡൂർ കുടുംബാരോഗ്യ കേന്ദ്രം, കാസറഗോഡ് ജനറൽ ആശുപത്രിയിൽ എസ് എൻ സി യു, പീഡിയാട്രിക് യൂണിറ്റ്, ജില്ലാ ആശുപത്രിയിൽ ലക്ഷ്യ നിലവാരത്തിൽ പുതിയ ലേബർ ബ്ലോക്ക്, അണുവിമുക്ത വിതരണ കേന്ദ്രം, ചെറുവത്തൂർ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടം, ഓലാട്ട് കുടുംബാരോഗ്യകേന്ദ്രം എന്നീ ആരോഗ്യ പദ്ധതികളാണ് നാടിന് സമർപ്പിച്ചത്. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരോഗ്യമന്ത്രി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ നവജാത ശിശുക്കൾക്ക് പ്രത്യേക പരിചരണം നൽകുന്ന എസ് എൻ സി യു വും, പീഡിയാട്രിക് യൂണിറ്റുമാണ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. ദേശീയ ആരോഗ്യ ദൗത്യം 2019-2020 സാമ്പത്തിക വർഷത്തെ ആർ ഒ പി ഫണ്ടിൽ അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ചാണ് ആധുനിക നിലവാരത്തിലുള്ള ന്യൂബോൺ കെയർ യൂണിറ്റ് സജ്ജമായിരിക്കുന്നത്. ട്രയേജ് ഏരിയ, മെയിൻ എസ് എൻ സി യു, സ്റ്റെപ്പ് ഡൗൺ, സ്റ്റാഫ് റൂം, ഫീഡിംഗ് റൂം, വാഷിംഗ് ഏരിയ എന്നിവയാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഇതിൽ 12 കിടക്കകൾ കേന്ദ്രീകൃത മെഡിക്കൽ ഗ്യാസ് സൗകര്യങ്ങളോട് കൂടിയാണ് തയ്യാറാക്കിയിരിക്കുന്നത്. തൂക്ക കുറവുള്ള നവജാത ശിശുക്കളുടെ സംരക്ഷണം, ബിലിറൂബിന്റെ അളവ് കൂടിയ കുട്ടികൾക്കുള്ള ഫോട്ടോ തെറാപ്പി സൗകര്യം, അണുബാധ ബാധിച്ച കുട്ടികൾക്കുള്ള പരിചരണം തുടങ്ങിയവും ഇവിടെ ലഭ്യമാകും.

ഇ സി ആർ പി യിൽ ഉൾപ്പെടുത്തി 1 കോടി 58 ലക്ഷം രൂപ ഉപയോഗിച്ചാണ് പീഡിയാട്രിക് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചത്. 2 കിടക്കകൾ ഉൾപ്പെടുന്ന ഐ സി യു വും 4 കിടക്കകൾ ഉൾപ്പെടുന്ന എച്ച് ഡി യു വും കേന്ദ്രീകൃത മെഡിക്കൽ ഗ്യാസ് സൗകര്യങ്ങളോട് കൂടിയ 20 കിടക്കകളും സജ്ജമാക്കിയിട്ടുണ്ട്. എൻ എച്ച് എം സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

ജില്ലാ ആശുപത്രിയിൽ തയ്യാറായിരിക്കുന്ന ലക്ഷ്യ നിലവാരത്തിലുള്ള പുതിയ ലേബർ ബ്ലോക്കിൽ ഓപ്പറേഷൻ തിയറ്റർ, ഐ സി യു, എച്ച് ഡി യു, ഡോക്ടേഴ്സ് റൂം, നഴ്സസ് റൂം, സ്റ്റോർ, ട്രയേജ്, ഫസ്റ്റ് സ്റ്റേജ് റൂം, പോസ്റ്റ് ഓപ്പറേറ്റീവ് കെയർ, കാത്തിരിപ്പ് കേന്ദ്രം എന്നിവ സജ്ജീകരിച്ചിട്ടിണ്ട്. ലക്ഷ്യ നിലവാരത്തിലുള്ള ലേബർ ബ്ലോക്ക് ആരംഭിക്കുന്നതോട് കൂടി ആധുനിക നിലവാരത്തിലുള്ള പ്രസവ ശുശ്രൂഷ ഇവിടെ നിന്നും ലഭ്യമാവും. പ്രസവ സമയത്ത് സംഭവിക്കാവുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിലൂടെ മാതൃശിശു മരണനിരക്ക് കുറച്ച് കൊണ്ട് വരുവാനും ഇതുവഴി സാധിക്കും. ജില്ലയിലെ ആദ്യത്തെ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ ബ്ലോക്കാണിത്.

കാസർഗോഡ് വികസന പാക്കേജിൽ 2015-16 സാമ്പത്തിക വർഷം അനുവദിച്ച 1.50 കോടി രൂപ ഉപയോഗിച്ചാണ് ജില്ലാ ആശുപത്രിയിൽ സി എസ് എസ് ഡി യുടെ പ്രവർത്തി പൂർത്തീകരിച്ചത്. സർജറി, കാത്ത് ലാബ് തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളിലേക്ക് അണുവിമുക്തമായ ഉപകരണങ്ങൾ കൃത്യ സമയത്ത് വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്ട്മെന്റ്, സി എസ് എസ് ഡി ആരംഭിക്കുന്നതോട് കൂടി ആശുപത്രിയിലെ മുഴുവൻ ഉപകരണങ്ങളും ഒറ്റ ഷിഫ്റ്റിൽ കുറഞ്ഞ മാനവശേഷിയിലുടെ അതിവേഗത്തിൽ അണുവിമുക്തമാക്കാൻ സാധിക്കും.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഒരേ സമയം 60 പേരെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ആശുപത്രി ആരംഭിച്ചപ്പോൾ മുതൽ 24 മണിക്കൂർ അത്യാഹിത വിഭാഗം, സ്ത്രീകളുടെയും കുട്ടികളുടെയും ഒ പി വിഭാഗം, ഫാർമസി, ലാബ് എന്നീ സൗകര്യങ്ങളാണ് ഉണ്ടായിരുന്നത്. ജില്ലയിലെ ആദ്യ മോഡുലാർ ഓപ്പറേഷൻ തിയറ്റർ ഇവിടെ സജ്ജമാണ്. ഇതിന് പുറമെ രണ്ട് ശസ്ത്രക്രിയ മുറികളും ഉണ്ട്. കൊവിഡ് ബാധിതരായ ഗർഭിണികളുടെ ചികിത്സയും പ്രസവത്തിനുള്ള സൗകര്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്. 15 ഡോക്ടർമാർ, 25 നഴ്സുമാർ, മറ്റ് മേഖലകളിലായി 19 ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് 37 ലക്ഷം രൂപ ചെലവഴിച്ച് ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയാണ് ചെറുവത്തൂർ വി വി സ്മാരക സി എച്ച് സി യെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയത്. കൂടാതെ 2021-22 പ്ലാൻ ഫണ്ടിൽ 2 കോടി ഉപയോഗിച്ചാണ് 3 നിലയുള്ള തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി പുതിയ കെട്ടിടം സമുച്ചയം ഒരുക്കിയിരിക്കുന്നത്. ഓലാട്ട്, അഡൂർ എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതോട് കൂടി ആർദ്രം നിലവാരത്തിലുള്ള സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാകും.



# ലോകാരോഗ്യദിനം ആചരിച്ചു

ലോകാരോഗ്യദിനത്തിന്റെ ഭാഗമായി വിദ്യാർഥികളുടെ നേതൃത്വത്തിൽ നടന്ന സ്കേറ്റിംഗ്

**ഇടുക്കി**: ജില്ലയിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ലോകാരോഗ്യ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. മുട്ടം സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെയും തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെയും മുട്ടം ഗ്രാമ പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് ലോകാരോഗ്യദിനം ആചരിച്ചത്. 'എല്ലാവർക്കും ആരോഗ്യം' എന്ന സന്ദേശം എല്ലാവരിലേക്കും എത്തിക്കുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം.

പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളെയും പൊതുജനങ്ങളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് കൂട്ട നടത്തവും സെമിനാറും ജീവിതശൈലീ രോഗങ്ങളെ സംബന്ധിച്ചുള്ള ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. വിദ്യാർഥികളുടെ വിവിധ കലാപരിപാടികളും കായിക പ്രകടനങ്ങളും പരിപാടിക്ക് മിഴിവേകി. തൊടുപുഴ ബ്ലോക്ക് വൈസ് പ്രസിഡന്റ് കെ ബിജു കൂട്ട നടത്തം ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ, മുട്ടം ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, റോൾ ബോൾ അസോസിയേഷൻ ഇടുക്കി സ്കേറ്റിംഗ് താരങ്ങൾ, ഇടുക്കി ജില്ലാ ബാസ്ക്കറ്റ് ബോൾ ടിം അംഗങ്ങൾ, മുട്ടം, അറക്കുളം, കുടയത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആശാപ്രവർത്തകരും, പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി മുട്ടം പോളിടെക്നിക്ക് കോളേജിലെ വിദ്യാർത്ഥികൾ ബസ് സ്റ്റാൻഡിൽ ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

# റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് ഇനി ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ്



കണ്ണൂർ റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലബോറട്ടറി കെട്ടിട ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവ്വഹിക്കുന്നു

**കണ്ണൂർ**: കണ്ണൂർ റീജണൽ പബ്ലിക് ഹെൽത്ത് ലാബ് ഇനി മുതൽ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ്. ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബിന്റെയും നവീകരിച്ച ആർ.പി.എച്ച്. ലാബിന്റെയും ഉദ്ഘാടനം ആരോഗ്യവും വനിതാശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സാമ്പിളുകളുടെ പരിശോധന ഇനി തൊട്ട് വേഗത്തിലാക്കാൻ ഇതുവഴി സാധിക്കും.

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ (പി.എം. അഭീം) പദ്ധതിയിൽ ഉൾപ്പെടുത്തി 1.25 കോടി രൂപ ചെലവഴിച്ചാണ് ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബായി ഉയർത്തിയത്. പി.സി.ആർ ലാബിൽ കൊവിഡ് പരിശോധന കൂടാതെ എലിപ്പനി നിർണയത്തിനുള്ള പരിശോധനയും നടത്താൻ കഴിയും. എലിപ്പനി നിർണയം 24 ണിക്കൂറിനകം നടത്താൻ ലാബിലൂടെ സാധിക്കും. സൈറ്റോളജി ലബോറട്ടറി പ്രവർത്തന സജ്ജമായാൽ വിവിധ തരത്തിലുള്ള കാൻസർ നിർണയവും സാധ്യമാകും. ഹബ് ആന്റ് സ്പോക്ക് മോഡിലേക്ക് മാറുമ്പോൾ ടെസ്റ്റുകളുടെ എണ്ണം വർധിപ്പിക്കാൻ സാധിക്കുമെന്നതും വലിയ നേട്ടമാണ്. ദേശീയ ആരോഗ്യദൗത്യത്തിന്റെ 50 ലക്ഷം രൂപ വിനിയോഗിച്ച് ആർ.പി.എച്ച്. ലാബ് ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചു. രോഗികൾക്കായുള്ള കാത്തിരിപ്പ് മുറി, സാംപിൾ കളക്ഷൻ ഏരിയ, ടോയ്ലെറ്റ്, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഇവിടെ ഒരുക്കിയിട്ടുണ്ട്.

റീജിയണൽ ലാബിൽ ബി.പി.എൽ കാർഡുള്ള രോഗികൾക്ക് പരിശോധന സൗജന്യമാണ്. മറ്റുള്ളവരിൽ നിന്ന് സർക്കാർ നിരക്ക് ഈടാക്കും. ജീവിതശൈലി-സാംക്രമിക രോഗങ്ങൾ കണ്ടെത്താനുള്ള പരിശോധന, എച്ച്.ഐ.വി പരിശോധനയ്ക്കുള്ള എലീസ ടെസ്റ്റ്, കൊവിഡ് ആർ.ടി.പി.സി.ആർ കൾച്ചർ ആൻഡ് സെൻസിറ്റിവിറ്റി, ന്യൂബോൺ സ്ക്രീനിങ്, എ.എം.ആർ സർവയലൻസ് എന്നിവയും ഇവിടെ നടത്തുന്നുണ്ട്. തളാപ്പിൽ 2011 ഫെബ്രുവരിയിൽ ആരംഭിച്ച റീജിയണൽ ലാബിൽ ദിനംപ്രതി ഏകദേശം 900 പരിശോധനകൾ നടത്തുന്നുണ്ട്.




ശൈലി ആപ്പ് സർവ്വേയിൽ മികച്ച പ്രകടനം കാഴ്ചവെച്ച എഫ് എച്ച് സി കൂടരഞ്ഞിക്ക് മേയർ ഡോ. ബീന ഫിലിപ്പ് പുരസ്കാരം കൈമാറുന്നു

# ആരോഗ്യമേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അവാർഡുകൾ വിതരണം ചെയ്തു

**കോഴിക്കോട്**: ലോകാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യദൗത്യത്തിന്റെയും ആഭിമുഖ്യത്തിൽ ജില്ലയിലെ ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച സ്ഥാപനങ്ങൾക്ക് അവാർഡ് നൽകി. കോഴിക്കോട് ഐ.എം.എ. ഹാളിൽ വച്ച് നടന്ന പരിപാടിയിൽ കോർപ്പറേഷൻ മേയർ ഡോ.ബീന ഫിലിപ്പ് പരിപാടിയുടെ ഉദ്ഘാടനവും അവാർഡ് വിതരണവും നിർവ്വഹിച്ചു.

ക്വാളിറ്റി അഷ്വറൻസ് മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച്ച വെച്ച കോഴിക്കോട് സർക്കാർ ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി താമരശ്ശേരി, കുറ്റ്യാടി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വളയം, തലക്കുളത്തൂർ, കുടുംബാരോഗ്യകേന്ദ്രം തിരുവമ്പാടി, ചെക്ക്യാട്, അരിക്കുളം, കക്കോടി, നഗര പ്രാഥമിക ആരോഗ്യകേന്ദ്രം പയ്യാനക്കൽ എന്നിവർക്ക് അവാർഡ് നൽകി.

ശൈലി ആപ്പ് സർവേയിലും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും കുടുംബാരോഗ്യകേന്ദ്രം കൂടരഞ്ഞി, ജീവതാളം സമഗ്ര സാമൂഹ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയിൽ കുടുംബാരോഗ്യകേന്ദ്രം കാക്കൂർ, പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിലും ആർദ്രം പദ്ധതിയിലും കുടുംബാരോഗ്യകേന്ദ്രം ചൂലൂർ, ദേശീയ കുഷ്ഠരോഗ നിർമാർജന പരിപാടിയിൽ താലൂക്ക് ആശുപത്രി പേരാമ്പ്ര, കാർഡിയോളജി യൂണിറ്റിൽ സർക്കാർ ജനറൽ ആശുപത്രി കോഴിക്കോട്, സാമൂഹ്യ ശീലമാറ്റ ബോധവൽക്കരണ പ്രവർത്തനങ്ങളിലും എം ഐ എസ് ടി (മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം) കോർഡിനേഷനിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചെറുവണ്ണൂർ, കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് സെന്ററിലും ജില്ലാ മാനസികാരോഗ്യ പരിപാടിയിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഓർക്കാട്ടേരി, സെക്കണ്ടറി പാലിയേറ്റീവ് കെയറിൽ സർക്കാർ ജനറൽ ആശുപത്രി കോഴിക്കോട്, ഫിസിയോതെറാപ്പി യൂണിറ്റിൽ താലൂക് ആശുപത്രി പേരാമ്പ്ര, പ്രത്യുൽപാദന, ശിശുആരോഗ്യ പരിപാടിയിൽ സാമൂഹിക ആരോഗ്യ കേന്ദ്രം തലക്കുളത്തൂർ, രോഗ നിർണ്ണയത്തിൽ റീജ്യണൽ പബ്ലിക് ഹെൽത്ത് ലാബ്, ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിൽ ബാലുശ്ശേരി ആരോഗ്യ ബ്ലോക്ക്, ദേശീയ ക്ഷയരോഗ നിവാരണ പരിപാടിയിൽ ടിബി യൂണിറ്റ് വടകര, സാംക്രമിക രോഗ ലഘൂകരണ പരിപാടിയിൽ കുടുംബാരോഗ്യ കേന്ദ്രം വടകര താഴെ അങ്ങാടി, സാംക്രമിക രോഗ ഫീൽഡ് പ്രവർത്തനങ്ങളുടെ ഏകോപനത്തിൽ കുടുംബാരോഗ്യകേന്ദ്രം ചാലിയം, സാംക്രമിക രോഗങ്ങളുടെ റിപ്പോർട്ടിംഗിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തിരുവങ്ങൂർ, മലേറിയ നിർമാർജന പ്രവർത്തനങ്ങളിൽ താലൂക്ക് ആശുപത്രി ബാലുശ്ശേരി, മീസിൽസ് നിയന്ത്രണ പ്രവർത്തനങ്ങളിൽ താലൂക് ആശുപത്രി നാദാപുരം, ഇ ഹെൽത്ത് പരിപാടിയിൽ കുടുംബാരോഗ്യകേന്ദ്രം മൂടാടി എന്നിവർ പുരസ്കാരം കരസ്ഥമാക്കി.







# കേരളത്തെ ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റും: മുഖ്യമന്ത്രി പിണറായി വിജയൻ

### കോന്നി മെഡിക്കൽ കോളജ് അക്കാദമിക് ബ്ലോക്ക് നാടിനു സമർപ്പിച്ചു



കോന്നി മെഡിക്കൽ കോളേജ് അക്കാദമിക് ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

**പത്തനംതിട്ട**: ഹെൽത്ത് കെയർ മേഖലയിലെ ആഗോള സാധ്യതകൾ പ്രയോജനപ്പെടുത്താനും ആരോഗ്യപരിചരണം, ഹെൽത്ത് ടൂറിസം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സേവനം നൽകി കേരളത്തെ ഒരു ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റിയെടുക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോന്നി സർക്കാർ മെഡിക്കൽ കോളേജിലെ അക്കാദമിക്ക് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനു സഹായകമായ കെയർ പോളിസി രൂപീകരിക്കാനും നടപ്പിലാക്കാനും അതിനായി സൗകര്യങ്ങൾ ഒരുക്കാനുമുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കോന്നി ഗവ. മെഡിക്കൽ കോളേജിനെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. ഈ കാമ്പസിലൂടെ കണ്ണോടിച്ചാൽ തന്നെ അത് വ്യക്തമാകും. കോന്നി മെഡിക്കൽ കോളേജ് പത്തനംതിട്ട ജില്ലയുടെ വികസനത്തിന് വലിയ തോതിൽ ഉപകരിക്കും. ഇവിടുത്തെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനുതകുന്ന ഒരു ചുവടുവയ്പ്പാണ് കോന്നി മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കും അതിലെ സൗകര്യങ്ങളും. 40 കോടി രൂപയാണ് 1,65,000 ചതുരശ്ര അടി വിസ്തീർണമുള്ള ഈ അക്കാദമിക് ബ്ലോക്കിനായി ചെലവഴിച്ചത്. ഇതിന്റെ ഒന്നാം ഘട്ട നിർമാണത്തിന്റെ ഭാഗമായി പൂർത്തീകരിച്ച ആശുപത്രി ബ്ലോക്ക് 2020ൽ നാടിനു സമർപ്പിച്ചിരുന്നു. ഇന്നിപ്പോൾ 100 വിദ്യാർഥികളെ പ്രവേശിപ്പിക്കാനാകുന്ന ഒരു മെഡിക്കൽ കോളേജായി ഇത് വളർന്നു. മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 352 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള 200 കിടക്കകളുള്ള രണ്ടാമത്തെ ബ്ലോക്കിന്റെ നിർമാണം ആരംഭിച്ചു. ആശുപത്രിയുടെയും കോളേജിന്റെയും അനുബന്ധമായി നിർമിക്കേണ്ട മറ്റ് അത്യാവശ്യ അടിസ്ഥാനസൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 450 ഓളം കുട്ടികൾക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ ഒരുങ്ങുകയാണ്.

എൽഡിഎഫ് സർക്കാരിന്റെ കാലയളവിലെ മൂന്നാമത്തെ നൂറുദിന കർമ്മപരിപാടിയാണ് ഫെബ്രുവരി 10 മുതൽ മേയ് 20 വരെയായി നടന്നുവരുന്നത്. ആകെ 1,284 പദ്ധതികളിലായി 15,896 കോടി രൂപയാണ് വിനിയോഗിക്കുന്നത്. സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് നടപ്പാക്കുന്ന നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് അക്കാദമിക് ബ്ലോക്ക് നാടിനു സമർപ്പിച്ചത്. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി.



കാത്ത് ലാബിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരും നേഴ്സുമാരും അടങ്ങുന്ന സംഘം

# തൃശ്ശൂർ ജനറൽ ആശുപത്രിയിലെ കാത്ത് ലാബ് ഒന്നാം വർഷത്തിലേക്ക്

**തൃശൂർ**: തൃശ്ശൂർ ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ച കാത്ത് ലാബ് വിജകരമായി ഒരു വർഷം പൂർത്തിയാകുന്നു. ഇതിനോടകം 1200 ഓളം ആൻജിയോഗ്രാം കേസുകളും 500 ലധികം വരുന്ന ആൻജിയോപ്ലാസ്റ്റി കേസുകളുമാണ് ഇവിടെ നടന്നത്. ഹൃദയമിടിപ്പ് കുറഞ്ഞവരിൽ ഹൃദയസ്പന്ദനം നിലനിർത്തുന്നതിനുള്ള കൃത്രിമ പേസ്മേക്കർ ഘടിപ്പിക്കൽ പ്രക്രിയകൾ, കാലിലെ രക്തക്കുഴലുകളിൽ വരുന്ന ബ്ലോക്ക് തീർക്കുന്ന പെരിഫറൽ ആൻജിയോപ്ലാസ്റ്റി, ഇമേജിങ്ങിന്റെ സഹായത്തോടു കൂടി രക്തക്കുഴലുകളിലെ കാൽസ്യം പൊടിച്ചു കളയുന്ന റോട്ടാബ്ലേഷൻ, അൾട്രാ സൗണ്ട് സ്കാനിങ്ങിന്റെ സഹായത്തോടു കൂടി ചെയ്യുന്ന ആൻജിയോപ്ലാസ്റ്റികൾ, ഒപ്റ്റിക്കൽ കോഹിറന്റ് ടോമോഗ്രാഫി സഹായത്തോടു കൂടി ചെയ്യുന്ന ആൻജിയോപ്ലാസ്റ്റി, കൊറോണറി കത്തീറ്ററൈസേഷൻ ഉപയോഗിക്കുന്ന രോഗനിർണ്ണയ സാങ്കേതിക വിദ്യയായ ഫ്രാക്ഷണൽ ഫ്ളോ റിസർവ് എന്നിങ്ങനെയുള്ള ശസ്ത്രക്രിയകളും വിജയകരമായി ചെയ്ത് വരികയാണ്.

ജനറൽ ആശുപത്രിയിലും കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചതോടെ ഹൃദയാഘാതം മൂലം എത്തിച്ചേരുന്ന രോഗികൾക്ക് ഏറെ ആശ്വാസമാവുകയാണ്. നൂതന ചികിത്സാ രീതികളിലൂടെ വളരെ കുറഞ്ഞ ചികിത്സ ചിലവോടെയും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയോടും കൂടിയാണ് കാത്ത് ലാബ് രോഗികൾക്ക് തുണയാവുന്നത്.

ഹൃദ്രോഗ ചികിത്സയിലെ ഒരു നാഴികക്കല്ലാണ് കൊറോണറി ഇന്റർവെൻഷൻ. 1990 കാലഘട്ടം വരെ ഹൃദയാഘാതം വന്നാൽ മരുന്ന് ചികിത്സയും കൂടി വന്നാൽ ബൈപാസ് സർജറിയും മാത്രമായിരുന്നു പരിഹാരം. അങ്ങനെയുള്ള ഇടത്ത് നിന്ന് കൈയിലേയോ കാലിലേയോ രക്തക്കുഴൽ വഴി ഹൃദയ ധമനിയിലെ തടസ്സം നീക്കം ചെയ്യുന്ന കൊറോണറി ആൻജിയോപ്ലാസ്റ്റി നിലവിൽ വന്നിട്ട് രണ്ട് ദശകങ്ങൾ പിന്നിടുന്നു. അനസ്തേഷ്യയുടെ സഹായം വേണ്ടാത്ത ഈ ചികിത്സാ രീതി ഹൃദ്രോഗികളെ സംബന്ധിച്ച് ഏറെ ആശ്വാസകരമായ ഒന്നാണ്. ബ്ലോക്ക് മാറ്റി അടുത്ത ദിവസം തൊട്ട് അവർക്ക് നടന്നു തുടങ്ങാൻ സാധിക്കുന്നു. ഈ നൂതന ചികിത്സ നടപ്പിലാക്കുന്ന സംവിധാനത്തെയാണ് കാത്ത് ലാബ് എന്ന് പറയുന്നത്. രോഗിയുടെ ഹൃദയമിടിപ്പും രക്തസമ്മർദ്ദവും നിരന്തരം നിരീക്ഷിച്ചു കൊണ്ട് റേഡിയേഷന്റെയും ഹൃദയധമനിയിലേക്ക് കടത്തിവിടുന്ന ഡൈയുടേയും സഹായം വഴി ഈ ചികിത്സ നടപ്പിലാക്കുന്നു. കാർഡിയോളജിസ്റ്റ്, കാത്ത് ലാബ് ടെക്നീഷ്യൻ, പ്രാവീണ്യം നേടിയ സ്റ്റാഫ് നഴ്സ് എന്നിവർ അടങ്ങുന്നതാണ് കാത്ത് ലാബ് ടീം.

ജില്ലാ ആശുപത്രി സൂപ്രണ്ട്, ഡോ.താജ് പോൾ പനക്കൽ, ഡോ.കൃഷ്ണ കുമാർ എ, ഡോ.വിവേക് തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള ഹൃദ്രോഗചികിത്സാ വിഭാഗം ടീമാണ് കാത്ത് ലാബിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ജില്ലയിൽ ജനറൽ ആശുപത്രി, ഗവ.മെഡിക്കൽ കോളേജ്, എന്നിവിടങ്ങളിലുമാണ് പൊതുമേഖലയിൽ കാത്ത് ലാബ് പ്രവർത്തിക്കുന്നത്.

# വേനൽ കുളിരായി ഓട്ടിസം ദിനത്തിലെ ഒത്തുചേരൽ



ഓട്ടിസം ദിനാചരണത്തിന്റെ ഭാഗമായി കുട്ടികളും രക്ഷിതാക്കളും ജനമൈത്രി പൊലീസ് സ്റ്റേഷൻ സന്ദർശിച്ചപ്പോൾ

**പാലക്കാട്**: ഓട്ടിസം ബാധിതരുടെ അവകാശങ്ങൾ തിരിച്ചറിയുന്നതിനും ആഘോഷിക്കുന്നതിനുമായി ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങളുടെയും രക്ഷിതാക്കളുടെയും ഹൃദ്യമായ ഒത്തുചേരൽ ഒരുക്കി പാലക്കാട് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെ ജീവനക്കാർ. കുഞ്ഞുങ്ങളിലെ വളർച്ചയിലുള്ള കാലതാമസവും ജനന വൈകല്യങ്ങളും കണ്ടെത്തി ഉചിതമായ ഇടപെടൽ നടത്തുന്നതിനുള്ള കേന്ദ്രമായ ഡി.ഇ.ഐ.സിയിലെ ഗുണഭോക്താക്കളായ ഇരുപതോളം കുഞ്ഞുങ്ങളും രക്ഷിതാക്കളുമാണ് പരിപാടിയിൽ പങ്കു ചേർന്നത്.

രാവിലെ 10 മണിയോടെ ഡിഇഐസിയിൽ പാട്ടും ഡാൻസും ചെറിയ കളികളുമായി ഒത്തുചേർന്ന സംഘം പിന്നീട് പാലക്കാട് ജനമൈത്രി പോലീസ് സ്റ്റേഷൻ സന്ദർശിച്ചു. ഓട്ടിസം ബാധിതർക്ക് അനുകൂലമായ നിയമപരിപക്ഷയെകുറിച്ചും രക്ഷിതാക്കൾ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങൾ സംബന്ധിച്ചും സിവിൽ പോലീസ് ഓഫീസർ വിശദീകരിച്ചു. പൊതുസമൂഹത്തിൽ നിന്നും നേരിടേണ്ടി വരുന്ന വിവിധ പ്രശ്നങ്ങളെ മുൻനിർത്തി രക്ഷിതാക്കൾ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

സാമൂഹികപരമായും ബുദ്ധിപരമായും പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ന്യൂറോ ഡെവലപ്മെന്റൽ ഡിസോഡർ ആയ ഓട്ടിസം ബാധിക്കുന്ന കുഞ്ഞുങ്ങൾ ആശയവിനിമയത്തിലും പരസ്പരബന്ധങ്ങൾ സ്ഥാപിക്കുന്നതിലും പ്രയാസം നേരിടുന്നവരാണ്. പ്രത്യേക പരിഗണനയും സാന്ത്വനവും അർഹിക്കുന്ന ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾ ദൈനംദിന കാര്യങ്ങളുടെ നിർവഹണം മുതൽ ജോലി, കുടുംബത്തിന്റെ നടത്തിപ്പ്, മുഖ്യധാര സമൂഹവുമായുള്ള ഇടപെടലുകളിൽ ഒക്കെ ഏറെ സങ്കീർണതകൾ നേരിടേണ്ടി വരുന്നവരാണ്. ഇത്തരത്തിൽ തങ്ങൾക്ക് അനുകൂലമായ നിയമപരിരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായാണ് ജനമൈത്രി പോലീസ് സ്റ്റേഷൻ സന്ദർശനവും ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചത്.

ഉച്ചഭക്ഷണത്തിനു ശേഷം കോട്ടമൈതാനത്ത് ഒത്തുചേർന്ന് എല്ലാവരും ഒന്നിച്ച് പാട്ടുകൾ പാടിയും കലാപരിപാടികൾ അവതരിപ്പിച്ചും രക്ഷിതാക്കൾ അവരുടെ അനുഭവങ്ങൾ പങ്കിട്ടും ദിവസത്തെ അവിസ്മരണീയമാക്കി. മറ്റുള്ള കുട്ടികളുമായി കൂട്ടുകൂടാനോ കളിക്കാനോ ശ്രമിക്കാതെ ഒതുങ്ങിക്കൂടുന്ന പ്രകൃതമാണ് പൊതുവിൽ ഓട്ടിസം കുട്ടികളുടേത്. ദൈനംദിന രീതികളിൽ നിന്നും പരിചിതമായ സ്ഥലങ്ങളിൽ നിന്നുമുള്ള മാറ്റം അവരെ വേഗത്തിൽ അസ്വസ്ഥരാക്കും. എന്നാൽ കോട്ടമൈതാനത്തെ സുഖകരമായ കാറ്റും പല വർണ്ണത്തിലുള്ള പൂക്കളുടെ അകമ്പടിയും സ്വച്ഛമായ അന്തരീക്ഷവും പരിപാടികൾ ആസ്വാദ്യകരമാക്കി.

ഡിഇഐസി മാനേജർ, ആർബിഎസ്കെ കോർഡിനേറ്റർ ഡിഇഐസിയിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർ ,ഫിസിയോ തെറാപ്പിസ്റ്, ഓഡിയോളജിസ്റ്, ഒപ്റ്റോമെട്രിസ്റ്റ് തുടങ്ങി വിവിധ ജീവനക്കാരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

## സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ ആരോഗ്യകേരളം ഒരുക്കിയ മാതൃകാ ജനകീയാരോഗ്യ കേന്ദ്രങ്ങൾ






# 12.13 കോടിയുടെ പദ്ധതികൾ ആരോഗ്യമന്ത്രി നാടിന് സമർപ്പിച്ചു



മലപ്പുറം ജില്ലയിൽ ആരംഭിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിക്കുന്നു.

**മലപ്പുറം**: സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി ആരോഗ്യമേഖലയിൽ12.13 കോടിയുടെ പദ്ധതികൾ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നാടിന് സമർപ്പിച്ചു . മഞ്ചേരി മെഡിക്കൽ കോളേജ്, പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മലപ്പുറം താലൂക്കാശുപത്രി, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം ചുങ്കത്തറ, പൊന്നാനി താലൂക്കാശുപത്രി, എടപ്പാൾ സാമൂഹികാരോഗ്യകേന്ദ്രം, കുറ്റിപ്പുറം താലൂക്കാശുപത്രി തുടങ്ങിയ ആശുപത്രികളിലെ പൂർത്തിയായ പദ്ധതികളാണ് ആരോഗ്യമന്ത്രി നാടിന് സമർപ്പിച്ചത് . കോവിഡ് എമർജൻസി ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പീഡിയാട്രിക് കെയർ യൂണിറ്റ് വിത്ത് നെഗറ്റീവ് പ്രഷർ സിസ്റ്റം (4 ബെഡ് ഐ.സി.യു, 8 ബെഡ് എച്ച്.ഡി.യു, 30 ബെഡഡ് വാർഡ് തുടങ്ങിയവയും, റാമ്പും , എഫ്ലൂവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, കാന്റീൻ ഫസ്റ്റ് ഫളോർ, ക്വാഷാലിറ്റി റിനോവേഷൻ അടക്കം 7.08 കോടിയുടെ പദ്ധതികളാണ് മഞ്ചേരി മെഡിക്കൽ കോളേജിൽ ഉദ്ഘാടനം ചെയ്തത് . മലപ്പുറം താലൂക്കാശുപത്രിയിൽ 84.25 ലക്ഷം രൂപ കോവിഡ് എമർജൻസി ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ 5 ബെഡ് ഐ.സി.യുവിന്റെയും കെ.എം.സി.എൽ നിർമ്മിക്കുന്ന കാരുണ്യ ഫാർമസിയും മന്ത്രി ഉദ്ഘാടനം ചെയ്തു . 74 ആ മത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആണിത്. ജില്ലയിലെ ആദ്യത്തെ എം.എൻ.സി.യു പൊന്നാനി സത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഉദ്ഘടനവും മന്ത്രി നിർവഹിച്ചു.ഇതുകൂടാതെ പീയിട്രിക് കെയർ യൂണിറ്റ് വിത്ത് നെഗറ്റീവ് പ്രഷർ സിസ്റ്റം 6 എച്ച്ഡിയു , 15 ബെഡ് വാർഡ് തുടങ്ങിയവയും തയ്യാറാക്കിയിട്ടുണ്ട്.

1.63 കോടിയുടെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. കോവിഡ് എമർജൻസി ഫണ്ട് 1.04 കോടി രൂപ ഉപയോഗിച്ച് കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ 5 ബെഡുള്ള ഐ.സി.യു വിത്ത് എ.എച്ച.യു എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചത് ഉദ്ഘാടനം ചെയ്തു . എടപ്പാൾ സാമൂഹികാരോഗ്യകേന്ദ്രത്തിൽ 31.3 ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ച ബിൽഡിങിന്റെയും ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 35.2 ലക്ഷം രൂപ ഉപയോഗിച്ച് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമാക്കുന്ന ചുങ്കത്തറ സി.എച്ച്.സി.യുടെ ഉദ്ഘാടനവും ആരോഗ്യമന്ത്രി നിർവഹിച്ചു പൊന്നാനി താലൂക്കാശുപത്രിയിൽ 87 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഓ.പി.ഡി ട്രാൻസ്ഫർമേഷൻ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.. ആരോഗ്യ മേഖല നേരിടുന്ന ജീവിതശൈലീ രോഗം എന്ന ഈ ആരോഗ്യ വിപത്തിനെ നേരിടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ജില്ല ഭരണകൂടവും ആരോഗ്യവകുപ്പും ആരോഗ്യ കേരളവും സംയുക്തമായി നടപ്പാക്കുന്ന ആരോഗ്യഭേരി പദ്ധതിയുടെ ഉദ്ഘാടനവും ആരോഗ്യവകുപ്പ് മന്ത്രി നിർവഹിച്ചു. ക്യാൻസറിനെകുറിച്ചും മറ്റു ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും, അവയെ പ്രതിരോധിക്കാൻ ആവശ്യമായ ശരിയായ ജീവിതരീതികളെ സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും; ജീവിത രീതിയിൽ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം .




## മലപ്പുറം ജില്ലയിലെ ആദ്യത്തെ മതർ ന്യൂബോൺ കെയർ യൂണിറ്റ് പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ

**മലപ്പുറം**: ജില്ലയിലെ ആദ്യത്തെ മതർ ന്യൂബോൺ കെയർ യൂണിറ്റ് പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ. നവജാത ശിശുക്കളുടെ പരിചരണത്തിൽ നാഴിക കല്ലാകുന്ന ഈ പദ്ധതി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നാടിന് സമർപ്പിച്ചു. നവജാത ശിശുക്കളുടെ പരിചണത്തിൽ അമ്മമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കികൊണ്ടുള്ള ചികിത്സാ പദ്ധതിയാണ് എംഎൻസിയു. ആഗോളതലത്തിൽ അംഗീകരിച്ചുകൊണ്ടിരിക്കുന്ന ആശയമാണിത്. മാതൃശിശു ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് ഏറെ കരുത്തു പകരുന്നതിന് ഇത് വഴി സാധിക്കുന്നു. മാത്രമല്ല നവജാത ശിശുപരിചരണവും കരുതലും മുലയൂട്ടലും കൂടുതൽ ശക്തമാകുന്നു. ഇതിലൂടെ കുഞ്ഞിന്റെ വേഗത്തിലുള്ള രോഗമുക്തിയും കുറഞ്ഞ ആശുപത്രി വാസവും ഉറപ്പാക്കുന്നതിന് സാധിക്കുന്നു. കുഞ്ഞ് സാധാരണ നിലയിലാണെങ്കിൽ, അമ്മയും കുഞ്ഞും പ്രസവാനന്തര വാർഡിൽ ഒരുമിച്ച് കഴിയുന്ന തരത്തിലാണ് നിലവിലെ അമ്മയ്ക്കും നവജാതശിശു സംരക്ഷണ സേവനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കുഞ്ഞിന് അസുഖമോ ജനനഭാരം കുറവോ ആണെങ്കിൽ, അവരെ അമ്മയിൽ നിന്ന് മാറ്റി പ്രത്യേകം തയ്യാറാക്കിയ നവജാത ശിശു സംരക്ഷണ യൂണിറ്റിൽ ചികിത്സ നൽകുകയും ഡോക്ടറുടെ ഉപദേശപ്രകാരം മാത്രമേ കുഞ്ഞിനെ അമ്മയ്ക്ക് എസ്എൻസിയുവിൽ സന്ദർശിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ എം.എൻ.സി.യുവിൽ അമ്മമാർക്ക് നവജാത ശിശുക്കൾക്കൊപ്പം കഴിയുന്നതിനും കംഗാരു കെയർ അത്തരം കുഞ്ഞുങ്ങൾക്ക് നൽകുന്നതിനും സാധിക്കുന്നു.


ചീഫ് എഡിറ്റർ
**കേശവേന്ദ്രകുമാർ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**വി കെ വർഷ**
ജെ സി(ഡിസിസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെ സി(ഡിസിസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിസിസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

## പത്രാധിപ സമിതി

അംഗങ്ങൾ

**വർഷ ജയപ്രകാശ്**
ജെ സി (ഡിസിസി), തിരുവനന്തപുരം
**അജിത്ത്കുമാർ പി എ**
ജെ സി (ഡിസിസി), പത്തനംതിട്ട
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിസിസി), തൃശൂർ
**വിനു എ**
കൺസൾട്ടന്റ്(ഡിസിസി), എറണാകുളം
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിസിസി), ഇടുക്കി
**പ്രീത എം**
ജെ സി(ഡിസിസി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ സി(ഡിസിസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിസിസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിസിസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിസിസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിസിസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്